കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതും വിതരണം ചെയ്യുന്നതും ഓൺ-ലൈൻ സംവിധാനം വഴിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്)നം:568/16/റവ. തിരുവനന്തപുരം, തീയതി, 14.11.2016

==========================================================================

## ഉത്തരവ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായംതേടിയും അപകടമരണത്തിന് ആശ്രിതർക്കുള്ള ധനസഹായത്തിനുമായി ദിനംപ്രതി ധാരാളം അപേക്ഷകൾ ലഭിക്കുന്നു. അപേക്ഷകളുടെ ബാഹുല്യംമൂലം ധനസഹായം യഥാസമയം അപേക്ഷകർക്ക് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. തന്മൂലം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഉദ്ദേശ്യംതന്നെ സാക്ഷാത്കരിക്കപ്പെടുന്നില്ല. ലക്ഷകണക്കിന് അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതിനാൽ ധനസഹായവിതരണത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതും പരിശോധിച്ച് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നതും ഓൺ-ലൈൻ വഴി ആക്കുന്നത് സംബന്ധിച്ച് Revenue Principal Secretary യും IT Secretary യും (OSD to CM) ചേർന്ന യോഗം പരിഗണിക്കുകയും സി-ഡിറ്റിന്റെ സഹായത്തോടെ അതിനായി ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചു.

2. അത് പ്രകാരം സി-ഡിറ്റ് സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്യുകയും ധനസഹായത്തിനുള്ള അപേക്ഷാഫോറം, ഫ്ലോ ചാർട്ട് എന്നിവ രൂപ കൽപന ചെയ്യുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണം വേഗത്തിലാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ തയ്യാറാക്കിയ ധനസഹായവിതരണത്തിനായുള്ള വർക്ക്ഫ്ലോയും പുതുക്കിയ അപേക്ഷാഫോറവും അംഗീകരിച്ചുകൊണ്ടും ധനസഹായ വിതരണം ടി ഫ്ലോചാർട്ട് പ്രകാരം ഓൺ-ലൈൻ സംവിധാനത്തിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ച എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്. ഓൺ-ലൈൻ സംവിധാനം ഏർപ്പെടുത്തിയത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ